# ചാറലായ്.... പെയ്ത്തായ്..... പേമാരിയായ്......

ജിയോ സണ്ണി

മഴ......ആകാശചെരുവുകൾക്കപ്പുറത്തുനിന്നും താളത്തിൽ പെയ്യുകയാണ്. തുള്ളിയായി..........തുള്ളിക്കൊരു കുടമായി.......ആ തുള്ളികളൊന്നു ചേർന്ന് ഒരു അരുവിയാകും; അരുവികൾ ചേർന്ന് പുഴയാകും; നദിയാകും...... ഒടുവിൽ, ആ പ്രയാണത്തിനൊടുവിൽ, സ്വയം ആത്മാവ് നഷ്ടപ്പെട്ട് കടലിലേക്ക്............ അവിടെനിന്നും വീണ്ടും...............

ചരിത്രങ്ങൾക്കും ഇതിഹാസങ്ങൾക്കപ്പുറത്തുനിന്നും നാമറിഞ്ഞ പ്രകൃതിയുടെ സത്യം. അമൃതവർഷിണിയും മേഘമൽഹാറും പാടുമ്പോൾ കാലിലൊരു ചേങ്ങിലയും കൊട്ടി ആടാനെത്തുന്ന സുന്ദരി........

വരണ്ട മണ്ണിന്റെ വിള്ളലേറ്റ ഹൃദയങ്ങളെ തൊട്ടുണർത്തുന്ന സ്നേഹത്തിന്റെ നീരൊഴുക്ക്. പിന്നെ പ്രണയത്തിന്റെ ആലിപ്പഴങ്ങൾ വീണ മനസ്സുകളുടെ മൗനം.... ചിലപ്പോൾ ദുഃഖം നെഞ്ചിൽ നിറച്ച പാടുന്ന, കരയുന്ന ദുരനുഭവങ്ങളുടെ തീരാപെയ്ത്ത്......

കേട്ടുമറന്ന അറബിക്കഥയിൽ ചിറകുവിരിച്ചെത്തുന്ന കുറ്റൻപക്ഷിയെപ്പോൽ താണുപറന്ന് നമ്മുടെ പ്രിയപ്പെട്ടവരെ റാഞ്ചിയെടുത്ത് മറയുന്ന ഭീ



തിയുടെ കരിനിഴൽ.........കഥകളിലും കവിതകളിലും നാനാർത്ഥങ്ങളിലും മഴച്ചെപ്പിലും നാട്ടറിവിലും നാം ദർശിച്ച മഴയുടെ എത്രയെത്ര ഭാവങ്ങൾ......... പക്ഷെ ഒരു ഫ്രെയിമിലോ കഥയിലോ നിർവചനത്തിലോ ഒതുക്കാനാവാത്തതാണീ സൗന്ദര്യഭാവങ്ങൾ എന്നതാണ് സത്യം.

പുത്തൻ ഉടുപ്പുമിട്ട് സ്കൂളിലേക്ക് നടന്ന ജൂൺ മാസം പഠിപ്പിച്ച ആദ്യപാഠം മഴയെക്കുറിച്ചായിരുന്നു.

നിറഞ്ഞ് ഒഴുകുന്ന പാടങ്ങൾക്കരികിലൂടെ നടക്കുമ്പോൾ പോക്രാച്ചിത്തവളകളുടെ മുറവിളികൾ, പുതുമണ്ണിന്റെ സുഗന്ധം, നിറഞ്ഞ കുളത്തിലേക്കുള്ള മലക്കംമറിച്ചിൽ, ഈയാംപാറ്റകളുടെ ചിറകുകൾ, ഒപ്പം മഴയിൽ കുതിർന്ന് മുങ്ങിയ 'ടൈറ്റാനിക്',മഴ നനഞ്ഞതിനുള്ള ശകാരം, ഓർമ്മയിൽ നിറഞ്ഞു പെയ്യുന്ന നിമിഷങ്ങൾ ഇങ്ങനെയൊക്കെയാണ്.

അടച്ചിട്ട ഇരുട്ടുമുറിയുടെ ബാല്യത്തിൽ നിഷേധിക്കപ്പെട്ട സ്നേഹത്തിനും സ്വാതന്ത്ര്യത്തിനും മുന്നിൽ വേദനയോടെ ഇരിക്കുമ്പോൾ പുറത്തുപെയ്തതിലും ശക്തിയായി മഴ പെയ്തത് ഉള്ളിലായിരുന്നു............ ശരിക്കും ആർത്തുപെയ്ത പെരുമഴ............ മഴയൊരു പ്രളയമായി മാറാനായി പ്രാർത്ഥിച്ചതും ആ ഇരുട്ടുമുറിയിലെ പകലിലായിരുന്നു.

ദാരിദ്ര്യവും പ്രാരാബ്ധവുമായി പെയ്ത മഴക്ക് ഉപ്പിന്റെ സ്വാദായിരുന്നു. "സ്കൂളിലേക്ക് പോകാൻ അച്ഛൻ എനിക്ക് എന്തെല്ലാം വാങ്ങിത്തന്നുവെന്നറിയാമോ?" പരസ്യപെൺകുട്ടി പറഞ്ഞ പട്ടികയിലെല്ലാമുണ്ടായിരുന്നു, എന്റെ അച്ഛൻ എനിക്ക് വാങ്ങിത്തരാതിരുന്നവയുടെ പട്ടികയിൽ. ഇല്ലായ്മയുടെ മഴ അവിടെയും.

കൗമാരമാണ് മഴയെ ഇഷ്ടപ്പെടാൻ എന്നെ പഠിപ്പിച്ചത്. പ്രാക്ടിക്കൽ ലാബിലെ ജാലകച്ചീളിലൂടെ ഞാൻ കണ്ട മഴയാണ് എനിക്കവളെ തന്നത്. പേരറിയാത്ത വികാരങ്ങളുടെ മയൂരനർത്തനമായിരുന്നു അപ്പോൾ മനസ്സിൽ.

യുദ്ധത്തിന്റെ ഭീതിയുമായാണ് ഇത്തവണത്തെ മഴയുടെ വരവ്... അപ്പോഴും ടിവിയിലെ മഴപരസ്യങ്ങൾക്കും മുന്നിലാണ് ഞാൻ..... പാടുന്ന കുട, മിന്നുന്ന കുട, ചിരിക്കുന്ന കുട, പലനിറത്തിലും തരത്തിലുമുള്ള കുടകൾ...... പക്ഷേ കണ്ണീർ മഴയത്ത് ചിരിയുടെ കുട നിവർത്തുന്നവന്റെ മനസ്സിൽ കുടയുടേയും മഴയുടേയും നിറത്തിനെന്ത് പ്രസക്തി?

മഴയൊരു ദേശാടനപക്ഷിയാണെന്ന ചിന്ത ആരംഭിച്ചത് അടുത്തകാലത്താണ്... കാലാന്തരങ്ങൾക്കും ദേശാന്തരങ്ങൾക്കുമപ്പുറത്തുനിന്നും കൂട്ടമായി പറന്നെത്തുന്ന പ്രകൃതിയുടെ വനഗായകർ........ കാലം തെറ്റാതെ പതിവുമുടക്കാതെ അവർ പ്രയാണം തുടങ്ങുകയാണ്.

മഴ തോരാതെ പെയ്യുകയാണ്. മരണം മൂടി പുതച്ച ആ ശരീരത്തിൽ അന്ത്യചുംബനമർപ്പിക്കുമ്പോൾ ആ മരവിപ്പ് ഞാനറിഞ്ഞു. ഉടയവരുടെ വേർപാടായി പെയ്തിറങ്ങിയ മഴയുടെ നനുത്ത സ്പർശം....... പക്ഷേ കണ്ണുകളിലപ്പോഴും വേനലായിരുന്നു. അല്ലെങ്കിൽ പെയ്യാൻ ബാക്കി കണ്ണീരില്ലായിരുന്നു.

മഴയുടെ മോണോആക്ട് വീണ്ടും തുടരുകയാണ്. ഒരാൾതന്നെ പലവേഷം മാറിമാറി അവതരിപ്പിക്കുന്ന ഈ പ്രകടനത്തിന് കണ്ണും കാതും കൊടുത്തിരിക്കുകയാണ് ഏവരും. ചിലപ്പോൾ വെയിൽ തിളങ്ങുന്ന ഇടനേരങ്ങളിൽ ഒരു കോമാളിയെപ്പോലെ കുസൃതി കാട്ടി നമ്മെ ചിരിപ്പിക്കും........... മഴയും വെയിലും വന്നാൽ കുറുക്കന്റെ കല്ല്യാണമെന്നു പറഞ്ഞ കുട്ടിക്കാലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകും. തലതല്ലിക്കരഞ്ഞ് നമ്മേയും കരയിക്കുന്ന, വിളിക്കാത്ത അതിഥിയെപ്പോലെ വന്ന് നമ്മെ ശല്ല്യപ്പെടുത്തുന്ന മഴയുടെ ഭാവപ്പകർച്ച പിന്നെ വഴിമാറുക ഒരു ഭ്രാന്തിയുടെ ജൽപ്പനങ്ങളിലേക്കായിരിക്കും. അങ്ങിനെ എത്രയെത്ര ഭാവങ്ങൾ, എത്രയെത്ര വേഷങ്ങൾ..... എന്നിട്ടും മഴ നമുക്ക് മടുത്തിട്ടില്ല, നമ്മെ മഴക്കും.....

എത്ര പറഞ്ഞാലും തീരാത്ത എത്ര കണ്ടാലും മതിവരാത്ത ഒരു അനുഭവമായി ഇന്നും മഴ....... കണ്ണുകൊണ്ടല്ല, മനസ്സുകൊണ്ട് തൊടാവുന്ന സ്നേഹസാന്നിദ്ധ്യം, പറഞ്ഞറിയിക്കാനാവാത്ത, നിർവചനങ്ങളിലൊതുക്കാനാവാത്ത ഒരദൃശ്യവികാരം........ ജന്മാന്തരങ്ങൾക്കപ്പുറത്തുനിന്നും അമൃതവർഷിണിയായി പൊഴിയുന്ന സുകൃതം.

മഴ പ്രകടനം തുടരുകയാണ്.